നവകേരളം വാർത്ത
നവ കേരളം കർമപദ്ധതി
ന്യൂസ്‌ലെറ്റർ
2024 ജൂലൈ വാല്യം 1
ഓൺലൈൻ വായനയ്ക്ക്
36

# ജലസംരക്ഷണ പ്രവർത്തനങ്ങളിൽ

## ശ്രദ്ധേയമായ പുരോഗതി : മുഖ്യമന്ത്രി പിണറായി വിജയൻ



ജലസംരക്ഷണ മേഖലയിൽ സംസ്ഥാനത്ത് നടന്നു വരുന്ന പ്രവർത്തനങ്ങൾ ആശാവഹമായി പുരോഗമിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 227 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 208 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. നിയമസഭാ ചോദ്യത്തിന് മറുപടിയായാണ് മുഖ്യമന്ത്രി ഇക്കാര്യം അറിയിച്ചത്. പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാൽ ശൃംഖലകൾ പൂർണ്ണമായും വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനായി 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന പേരിൽ ഒരു കാമ്പയിൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. മാപിംഗ് പൂർത്തീകരിച്ച സ്ഥലങ്ങളിൽ നീർച്ചാൽ വീണ്ടെടുക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 1044 കിലോ മീറ്റർ നീർച്ചാലുകൾ ഇതിന്റെ ഭാഗമായി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 'നീരുറവ് പദ്ധതി' നടപ്പിലാക്കി വരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപെടുത്തി 32757 കിലോ മീറ്റർ തോടുകളും 3350 കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചു. കൂടാതെ 4982 കുളങ്ങളും 17179 കിണറുകളും നിർമ്മിക്കുകയും 8576 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തോട് പുനരുജ്ജീവിപ്പിക്കുന്നതിനോടൊപ്പം 59743 താൽക്കാലിക തടയണകളും 538 സ്ഥിരം തടയണകളും നിർമ്മിച്ചിട്ടുണ്ട്. പുനരുജ്ജീവിപ്പിക്കുന്ന തോടുകളുടെ പാർശ്വ സംരക്ഷണം കയർഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതുകൂടാതെ 22.1 കിലോ മീറ്റർ ദൂരം പുഴകളും പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

## ലൈഫ് പദ്ധതിയിൽ ഇതുവരെ പൂർത്തിയായത് 4,04,529 വീടുകൾ : മന്ത്രി എം.ബി. രാജേഷ്

ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 15.06.2024 വരെ 5,07,875 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 4,04,529 വീടുകളുടെ നിർമ്മാണം പൂർത്തിയായതായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി



എം.ബി. രാജേഷ് നിയമസഭയിൽ അറിയിച്ചു. 2020 ഗുണഭോക്തൃ പട്ടികയിലെ 91,691 ഗുണഭോക്താക്കൾക്കും അതിദരിദ്ര വിഭാഗത്തിൽപ്പെട്ട 3,945 ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ ഭൂരഹിത ഭവനരഹിതരുടെ പുനഃരധിവാസത്തിനായി ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് കാമ്പയിനിലൂടെ ലഭിക്കുന്ന ഭൂമി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി ഭവന നിർമ്മാണ ധനസഹായം അനുവദിക്കുകയും ചെയ്തു വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 2016 മുതൽ 15.06.2024 വരെ 1,94,262 വീടുകൾ അനുവദിച്ചതായും മന്ത്രി വ്യക്തമാക്കി.

## സ്കൂളുകളിൽ പശ്ചാത്തല വികസനത്തിന് പ്രത്യേക പദ്ധതി : മന്ത്രി വി. ശിവൻകുട്ടി

സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ട് 'അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ആകസ്മിക സഹായം' എന്ന പദ്ധതി ആവി



ഷ്കരിച്ചതായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. പദ്ധതി പ്രകാരം 2022-23 വർഷത്തിൽ 163 സ്കൂളുകൾക്കും, 2023-24 വർഷത്തിൽ 110 സ്കൂളുകൾക്കും ചുറ്റുമതിൽ, സംരക്ഷണ ഭിത്തി, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, മറ്റ് അറ്റകുറ്റ പണികൾ എന്നിവ നടപ്പിലാക്കുന്നതിനും അനുമതി നൽകി. നിയമസഭാ ചോദ്യത്തിനുള്ള മറുപടിയിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. സംസ്ഥാനത്തെ 68 ഹയർ സെക്കൻഡറി സ്കൂളുകളിൽ ലാബ് നവീകരിക്കുന്നതിനും അനുമതി നൽകി. സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി 'ബാരിയർ ഫ്രീ' എന്ന പദ്ധതി ആവിഷ്കരിച്ചതായും മന്ത്രി അറിയിച്ചു.

# എഡിറ്റോറിയൽ

## മാലിന്യസംസ്കരണം അടിയന്തര സാമൂഹ്യ ഉത്തരവാദിത്തമായി ഏറ്റെടുക്കണം



കേരളത്തിലാദ്യമായി മാലിന്യ സംസ്കരണത്തിന് സമഗ്രമായ ഒരു സംവിധാനമുണ്ടായിവന്നത് 2016 മുതൽ ഇങ്ങോട്ട് നാളിതുവരെ ഒന്നും രണ്ടും പിണറായി സർക്കാരുകളുടെ കാലത്താണ്. ഹരിതകേരളം മിഷൻ രൂപീകൃതമാകുന്നതുവരെ കേരളത്തിലെ 99% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ പാഴ്‌വസ്തുക്കൾ ശേഖരിക്കുന്നതിനോ സംസ്കരിക്കുന്നതിനോ ഒരു സംവിധാനവും നിലവിലുണ്ടായിരുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പ്, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി ഒട്ടേറെ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും ഒറ്റമനസ്സോടെയുള്ള പ്രവർത്തനത്തിന്റെ ഫലമായി ഇപ്പോൾ സമ്പൂർണ്ണമായിത്തന്നെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി വാതിൽപ്പടി ശേഖരണത്തിന് 36395 ഹരിത കർമസേനാംഗങ്ങൾ സജീവമായി പ്രവർത്തനരംഗത്തുണ്ട്. 'ഹരിതമിത്രം' എന്ന പേരിലുള്ള മൊബൈൽ ആപ്ലിക്കേഷൻ വഴി ഇവരുടെ പ്രവർത്തനങ്ങൾ സംസ്ഥാനതലം വരെ നിരീക്ഷിക്കാനും പൊതുജനങ്ങൾക്ക് പരാതികൾ രേഖപ്പെടുത്താനും സൗകര്യം ഒരുക്കിയിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ശുചിത്വവും മാലിന്യസംസ്കരണവും ലക്ഷ്യമിട്ട് ഒട്ടേറെ കാമ്പയിനുകൾ നടപ്പാക്കിവരികയാണ്. കുടുംബശ്രീ അയൽക്കൂട്ടങ്ങളെ കേന്ദ്രീകരിച്ചുള്ള 'ഹരിത അയൽക്കൂട്ടം', സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള 'ഹരിത വിദ്യാലയം', ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള 'ഹരിത കലാലയം', ഓഫീസുകളും സ്ഥാപനങ്ങളും കേന്ദ്രീകരിച്ചുള്ള 'ഹരിത ഓഫീസ്', തെരഞ്ഞെടുക്കപ്പെട്ട 107 ടൂറിസം കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന 'ഹരിത ടൂറിസം', തിരഞ്ഞെടുക്കപ്പെട്ട 207 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മാലിന്യ സംസ്കരണത്തിന്റെ മാതൃകകളാക്കി മാറ്റുന്ന 'മാതൃകാ തദ്ദേശ സ്ഥാപനം', നെറ്റ്സീറോ കാർബൺ കേരളം ജനങ്ങളിലൂടെ എന്നിങ്ങനെ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും വിവിധ ഏജൻസികളേയും ഏകോപിപ്പിച്ച് നടപ്പാക്കുന്ന കാമ്പയിനുകളെല്ലാം മാലിന്യ സംസ്കരണം സംബന്ധിച്ച ഒരു പുതിയ സംസ്കാരം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുള്ളതാണ്.

മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങളെല്ലാം വിജയിപ്പിക്കേണ്ടത് ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യ ഉത്തരവാദിത്തമായി രാഷ്ട്രീയ-സാമൂഹ്യ സംഘടനകൾ ഉൾപ്പെടെ ഏറ്റെടുക്കേണ്ടതുണ്ട്. തിരുവനന്തപുരത്തെ തമ്പാനൂരിൽ ഒരു മനുഷ്യജീവൻ നമ്മുടെ കൺമുമ്പിൽ നഷ്ടപ്പെട്ടതുകൊണ്ട് അത് പൊതു ചർച്ചയായി. എന്നാൽ ആയിരക്കണക്കിന് മനുഷ്യരുടേയും മറ്റ് ജീവജാലങ്ങളുടേയും ജീവൻ അൽപ്പാൽപ്പമായി കവർന്നെടുത്തുകൊണ്ടിരിക്കുന്ന മാലിന്യങ്ങൾ നമ്മുടെ ശ്രദ്ധയിൽ ഇപ്പോഴും വേണ്ടത്ര എത്തിയിട്ടില്ല എന്നത് ഗൗരവമേറിയ വിഷയമാണ്.

മലിനീകരണത്തെ ഏറ്റവും വലിയ സാമൂഹ്യ ദ്രോഹമായി കാണുന്ന ഒരു സമൂഹമായി നമുക്ക് മാറേണ്ടതുണ്ട്. നമ്മുടെ നീർച്ചാലുകളും തോടുകളും കായലും കടലും വനപ്രദേശങ്ങളുമെല്ലാം വൃത്തിയുള്ളതായി തിരികെപ്പിടിക്കാൻ അതിലൂടെ മാത്രമേ സാധിക്കൂ. എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവെച്ച് വൃത്തിയുള്ള കേരളത്തിനായി നമുക്ക് കൈകോർക്കാം.

ഡോ. ടി.എൻ. സീമ
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

## രാജ്യത്തെ മികച്ച കുടുംബാരോഗ്യ കേന്ദ്രം കേരളത്തിൽ

നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡിൽ (എൻക്യുഎഎസ്) രാജ്യത്തെ ഏറ്റവും ഉയർന്ന സ്കോർ നേടി സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രം. മലപ്പുറം കോട്ടയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രമാണ് 99 ശതമാനം സ്കോർ നേടി മികച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടത്. ഡൽഹിയിൽ നടന്ന ആയുഷ്മാൻ ഭാരത് ഗുണവത് സ്വാസ്ഥ് നാഷണൽ ഈവന്റിൽ വച്ച്



കേന്ദ്ര ആരോഗ്യ സഹമന്ത്രി പുരസ്കാരം കൈമാറി. കോട്ടയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഡോ. നഷീദ, സംസ്ഥാന, ജില്ലാ ക്വാളിറ്റി അഷുറൻസ് ഓഫീസർമാർ, ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി.

സംസ്ഥാനത്തെ ആരോഗ്യ മേഖലയിലുണ്ടായ പുരോഗതിയ്ക്കുള്ള അംഗീകാരം കൂടിയാണിതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. സംസ്ഥാനത്ത് ആകെ 175 ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരവും 76 ആശുപത്രികൾക്ക് പുനഃഅംഗീകാരവും നേടിയെടുക്കാനായി. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 9 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 നഗര കുടുംബാരോഗ്യ കേന്ദ്രം, 116 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ് അംഗീകാരം നേടിയിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

## ലൈഫ് മിഷൻ : അഞ്ച് കുടുംബങ്ങൾക്ക് മന്ത്രി സജി ചെറിയാൻ താക്കോൽ കൈമാറി

സംസ്ഥാന സർക്കാരിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ അതിദാരിദ്രനിർമ്മാർജ്ജന സർവ്വേ പ്രകാരം കണ്ടെത്തിയ സ്ഥലമുള്ള വീടില്ലാത്ത അഞ്ച് കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിൽ നിർമ്മാണം പൂർത്തിയാക്കിയ വീടിന്റെ താക്കോൽ ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ കൈമാറി. പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്ര



അങ്കണത്തിൽ നടന്ന ചടങ്ങിൽ എച്ച്. സലാം എം.എൽ.എ. അധ്യക്ഷനായി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ജി. സൈറസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബാ രാകേഷ്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുധർമ്മ ഭുവനചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു. അതിദാരിദ്ര നിർമാർജ്ജന മൈക്രോപ്ലാൻ തയ്യാറാക്കി സമർപ്പിച്ച സംസ്ഥാനത്തെ ആദ്യ പഞ്ചായത്താണ് പുന്നപ്രതെക്ക് ഗ്രാമപഞ്ചായത്ത്.

## സുൽത്താൻ ബത്തേരി ബ്ലോക്കിൽ ജലബജറ്റ്



ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ CWRDM ന്റെ സാങ്കേതിക സഹായത്തോടെ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിൽ തയ്യാറാക്കിയ ജലബജറ്റ് പ്രകാശനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. അസൈനാർ നിർവഹിച്ചു. ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെയും മീനങ്ങാടി, നൂൽപുഴ, അമ്പലവയൽ, നെന്മേനി എന്നീ ഗ്രാമപഞ്ചായത്തുകളുടെയും ജലബജറ്റുകളാണ് പ്രകാശനം ചെയ്തത്. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അമ്പിളി സുധി അധ്യക്ഷയായ ചടങ്ങിൽ നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു ജലബജറ്റ് വിഷയാവതരണം നടത്തി. മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ഇ. വിനയൻ, നൂൽപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീജ സതീഷ്, അമ്പലവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഹഫ്സത്ത് സി.കെ., നെന്മേനി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീല പുഞ്ചവയൽ തുടങ്ങിയവർ പ്രസംഗിച്ചു.

## ജലപരിശോധന കിറ്റുകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തി മരത്തംകോട് ഗവ. ഹയർസെക്കൻഡറി സ്കൂൾ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ സ്ഥാപിച്ച ജലപരിശോധന ലാബുകളിൽ പരിശോധനയ്ക്കായി നൽകിയ കിറ്റുകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തിയെന്ന നേട്ടവുമായി



തൃശ്ശൂർ മരത്തംകോട് ഗവ. ഹയർസെക്കൻഡറി സ്കൂൾ. സ്കൂളിലെ എൻ.എസ്.എസ്. യൂണിറ്റിലെ വിദ്യാർഥികളാണ് ഈ നേട്ടത്തിനു പിന്നിൽ. ലാബ് അസിസ്റ്റന്റ്, NSS ചാർജ് ഉള്ള അധ്യാപിക എന്നിവരുടെ മേൽനോട്ടത്തിലായിരുന്നു പരിശോധന. 585 കിറ്റുകളാണ് പദ്ധതി പ്രകാരം സ്കൂളിന് ലഭിച്ചത്. കടങ്ങോട് പഞ്ചായത്തിലെ കിണറുകളിൽ നിന്നുള്ള വെള്ളമാണ് കുട്ടികൾ പരിശോധനയ്ക്കായി തിരഞ്ഞെടുത്തത്. പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരങ്ങളിലും അവധി ദിവസങ്ങളിലുമായാണ് 15 വിദ്യാർഥിനികൾ ജലഗുണനിലവാര പരിശോധന നടത്തിയത്. NSS വോളണ്ടിയേഴ്സ് വീടുകളിൽ നേരിട്ട് പോയാണ് പരിശോധനയ്ക്കുള്ള വെള്ളം ശേഖരിച്ചത്.

## ചെണ്ടുമല്ലി കൃഷിയുമായി ബാലുശ്ശേരി മണ്ഡലം

കോഴിക്കോട് മഞ്ഞപുഴ രാമൻപുഴ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെയും സച്ചിൻദേവ് എം.എൽ.എ. യുടെയും നേതൃത്വത്തിൽ കൃഷിഭവന്റെ സഹായത്തോടെ ബാലുശ്ശേരി മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലുമായി ഓണക്കാലത്തേക്കായി ചെണ്ടുമല്ലി കൃഷി വ്യാപിപ്പിക്കുന്നു. പദ്ധതിയുടെ മണ്ഡലതല ഉദ്ഘാടനം ബാലുശ്ശേരി പഞ്ചായത്തിലെ വാർഡ് 3ൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.കെ. അനിത നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രൂപലേഖ കൊമ്പിലാട് അധ്യക്ഷയായി. കൃഷി ഓഫീസർ ശുഭശ്രീ സ്വാഗതം പറഞ്ഞു. പദ്ധതി വിശദീകരണം ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ പി.ടി. പ്രസാദ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഹമ്മദ് ഫൈസൽ എന്നിവർ നടത്തി. ബാലുശ്ശേരി പഞ്ചായത്തിലെ കർഷകൻ ജനാർദ്ദനൻ പൂളപ്പറമ്പിലിന്റെ അര ഏക്കർ കൃഷി ഇടത്തിലാണ് ചെണ്ടുമല്ലി കൃഷി ആരംഭിക്കുന്നത്. മണ്ഡലത്തിൽ 6 ഹെക്ടറോളം പ്രദേശത്താണ് ചെണ്ടുമല്ലിക്കൃഷി ഒരുങ്ങുന്നത്.





# മുട്ടോളി പുഴയിൽ കണ്ടൽ തുരുത്ത് നിർമ്മിച്ചു

കാസർഗോഡ് ചെറുവത്തൂർ മുട്ടോളി പുഴയിൽ 2000 കണ്ടൽ തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. ഹരിതകേരളം മിഷന്റെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിന്റെ ഭാഗമായാണ് കണ്ടൽ തൈകൾ നട്ടുപിടിപ്പിച്ചത്. ചെറുവത്തൂർ ഗ്രാമപഞ്ചായത്തിനെ കൂടാതെ 10 നെറ്റ് സീറോ പഞ്ചായത്തുകൾ കൂടി കാസർഗോഡ് ജില്ലയിലുണ്ട്. കാർബൺ സംഭരണി എന്നതിന് പുറമേ കാലാവസ്ഥാ വ്യതിയാനം ചെറുക്കുക, ജൈവവൈവിധ്യം സംരക്ഷിക്കുക മുതലായവയും കണ്ടൽ തുരുത്ത് നിർമ്മാണത്തിന്റെ ലക്ഷ്യങ്ങളാണ്. പ്രശസ്ത പരിസ്ഥിതി പ്രവർത്തകൻ പി.വി. ദിവാകരനാണ് തുരുത്ത് നിർമ്മിക്കാനായി 2000 കണ്ടൽ തൈകൾ സൗജന്യമായി നൽകിയത്. വാർഡ് മെമ്പർ സതീശൻ സ്വാഗതം പറഞ്ഞു. പഞ്ചായത്ത് പ്രസിഡന്റ് സി.വി. പ്രമീള ഉദ്ഘാടനം നിർവഹിച്ചു. പഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ പി. പത്മിനി അദ്ധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി നീലേശ്വരം ബ്ലോക്ക് ആർ.പി. പി.വി. ദേവരാജൻ മാസ്റ്റർ, പരിസ്ഥിതി പ്രവർത്തകൻ പി.വി. ദിവാകരൻ എന്നിവർ കണ്ടൽ തുരുത്ത് നിർമ്മാണത്തിന്റെ പ്രസക്തിയെക്കുറിച്ച് സംസാരിച്ചു. വാർഡ് കൺവീനർ ശ്രീധരൻ നന്ദി പറഞ്ഞു. പഞ്ചായത്ത് അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ മുതലായവർ പരിപാടിയിൽ പങ്കെടുത്തു.

# നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കൊല്ലം ജില്ലയിൽ ഊർജ്ജ ഓഡിറ്റ് പൂർത്തിയായി

ഹരിതകേരളം മിഷന്റെ 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' കാമ്പയിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ തദ്ദേശസ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും ഊർജ്ജ ഓഡിറ്റും സൗരോർജ സാധ്യത പഠനവും പൂർത്തീകരിച്ചു. ഹരിതകേരളം മിഷനും വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്നാണ് സർവ്വേ പൂർത്തീകരിച്ചത്. ആദ്യഘട്ടത്തിൽ തെന്മല, അലയമൺ, പൂതക്കുളം, തെക്കുംഭാഗം, പടിഞ്ഞാറേ കല്ലട, ശൂരനാട് തെക്ക്, കരീപ്ര, പട്ടാഴി വടക്ക്, കരവാളൂർ, നെടുമ്പന എന്നീ പത്ത് ഗ്രാമപഞ്ചായത്തുകളിലാണ് നെറ്റ് സീറോ കാർബൺ പ്രവർത്തനം ആരംഭിച്ചത്.

പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ സർക്കാർ സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, മാർക്കറ്റ്, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽ സർവ്വേ നടത്തി കാർബൺ പുറന്തള്ളുന്നതിന്റെ തോത് കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ജില്ലയിൽ തെരഞ്ഞെടുത്ത 250 അംഗൻവാടികളിൽ എൽ.പി.ജി. ഉപയോഗം ഒഴിവാക്കുന്നതിനായി ഇൻഡക്ഷൻ കുക്കറും ഇതിനാവശ്യമായ പാത്രങ്ങളും എനർജി മാനേജ്മെന്റ് സെന്ററിന്റെ സഹായത്തോടെ വിതരണം ചെയ്തിട്ടുണ്ട്. അംഗനവാടികളെല്ലാം സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്നതിനായി സോളാർ പാനൽ സ്ഥാപിക്കുന്നതിനും ശ്രമിക്കുന്നുണ്ട്.

# വയനാട് ജില്ലയിൽ സൗരോർജ്ജ സാധ്യത പഠനവും ഊർജ്ജ ഓഡിറ്റിങ്ങും

വയനാട് ജില്ലയിൽ ആദ്യഘട്ടത്തിൽ ഹരിതകേരളം മിഷൻ 'നെറ്റ്സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' കാമ്പയിൻ ഏറ്റെടുത്ത കോട്ടത്തറ, എടവക, അമ്പലവയൽ, മീനങ്ങാടി എന്നീ തദ്ദേശസ്ഥാപനങ്ങളിൽ ഊർജ ഓഡിറ്റിങ് പൂർത്തികരിച്ചു. ഈ തദ്ദേശ സ്ഥാപന ങ്ങളിലും ഇവിടെ ഉള്ള മറ്റു സർക്കാർ സ്ഥാപനങ്ങളിലുമാണ് സൗരോർജ സാധ്യത പഠനവും ഊർജ്ജ ഓഡിറ്റും പൂർത്തീകരിച്ചത്. ഹരിതകേരളം മിഷൻ റിസോർസ് പേഴ്സൺമാർ, വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായി അതുൽ എനർജി കൺസൽട്ടൻസി സർവ്വേ വോളണ്ടിയർമാർ എന്നിവരാണ് ഓഡിറ്റ് നടത്തിയത്. കാമ്പയിന്റെ ഭാഗമായി 132 അംഗൻവാടികൾക്ക് ഇൻഡക്ഷൻ കുക്കറും ഇതിനാവശ്യമായ പാത്രങ്ങളും അനുബന്ധ ഉപകരണങ്ങളും എനർജി മാനേജ്മെന്റ് സെന്ററിന്റെ സഹായത്തോടെ വിതരണം ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ കാമ്പയിൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

# കണ്ണൂർ സെൻട്രൽ ജയിലിൽ അപൂർവ സസ്യ വൈവിധ്യ പച്ചത്തുരുത്ത്

കണ്ണൂർ സെൻട്രൽ ജയിലിലെ ഒരു ഏക്കറിൽ തഴച്ചുവളരുന്നത് അപൂർവ ഇനം വൃക്ഷലതാദികളാൽ സമ്പന്നമായ പച്ചത്തുരുത്ത്. വംശനാശം സംഭവിക്കുന്ന വിവിധ വൃക്ഷങ്ങളും അപൂർവ ഇനം മാവുകളും ഈ പച്ചത്തുരുത്തിലുണ്ട്. ഊദ്, കോകം, പുനംപുളി, ഏകനായകം, രുദ്രാക്ഷം, കർപ്പൂരം, കടമ്പ്, കായാമ്പൂ, ഈന്ത്, സർവ സുഗന്ധി, വുഡ് ആപ്പിൾ, പാരിജാതം, താളി, മുരിക്ക്, വെള്ള അകിൽ, ചമത, അങ്കോലവള്ളി, കല്ലന്മുള്ള എന്നിങ്ങനെ നീളുന്നു സസ്യവൈവിധ്യം. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നാണ് ഇവയുടെ തൈകൾ സംഘടിപ്പിച്ചത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജയിൽ ഉദ്യോഗസ്ഥരും അന്തേവാസിക ളുമാണ് ഇവ നട്ടുവളർത്തി പരിപാലിക്കുന്നത്.



# നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുമായി പെരുമണ്ണ ഗ്രാമപഞ്ചായത്ത്

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിന്റെ ഭാഗമായി കോഴിക്കോട്



പെരുമണ്ണ ഗ്രാമപഞ്ചായത്ത് ഹാളിൽ ജൂലൈ 10 ന് നടന്ന ശിൽപശാല സി.ഡബ്ല്യൂ.ആർ.ഡി.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. മനോജ് പി. സാമുവൽ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായ ത്ത് പ്രസിഡന്റ് ഷാജി പുത്തലത്ത് ചടങ്ങിൽ അദ്ധ്യക്ഷനായി. നവകേരളം കർമപദ്ധതി ജില്ലാ കോഡിനേറ്റർ ടി. പ്രസാദ് നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ കാമ്പയിൻ വിഷയാവതരണം നടത്തി. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ നടത്താവുന്ന പ്രവർത്തനങ്ങൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച ചെയ്ത് അവതരിപ്പിച്ചു.

# ചങ്ങാതിക്കൊരുമരം പദ്ധതിയുമായ് വടകര നഗരസഭ

കോഴിക്കോട് വടകര നഗരസഭ ഹരിതകേരളം മിഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന നെറ്റ് സീറോ വിദ്യാലയം പ്രവർത്തനത്തിനായി തിരഞ്ഞെടുത്ത എസ്.പി.എച്ച്. വിലാസം ജെബി സ്കൂളിൽ ചങ്ങാതിക്കൊരു മരം പദ്ധതിക്ക് തുടക്കമായി. വടകര നഗരസഭാ ചെയർപേഴ്സൺ കെ.പി. ബിന്ദു ഉദ്ഘാടനം നിർവഹിച്ചു. വൈസ് ചെയർമാൻ പി.കെ. സതീശൻ മാസ്റ്റർ അധ്യക്ഷത വഹിച്ച പരിപാടിക്ക് വാർഡ് കൗൺസിലർ എൻ. കെ. പ്രഭാകരൻ സ്വാഗതം പറഞ്ഞു. ഹരിതകേരളം മിഷൻ ജില്ലാ കോഡിനേറ്റർ പി.ടി. പ്രസാദ് പരിസ്ഥിതിദിന സന്ദേശം നൽകി. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ ഷംന പി. പദ്ധതി വിശദീകരണം നടത്തി. നഗരസഭ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ ആശംസകൾ അർപ്പിച്ചു.

അധ്യാപകർ, ഹരിതകേരളം മിഷൻ ഇന്റേൺ വിശാൽ എന്നിവർ പങ്കെടുത്തു. കുട്ടികളിലൂടെ പച്ചത്തുരുത്ത് വ്യാപനം



നടത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വിദ്യാർത്ഥികൾ പരസ്പരം കൈമാറുന്ന വൃക്ഷത്തൈകൾ സ്വന്തം വീട്ടുവളപ്പിലോ പൊതു ഇടങ്ങളിലോ വിദ്യാർഥികൾ തന്നെ നട്ട് പരിപാലിക്കുകയും ചെയ്യണം. സാധ്യമാകുന്ന സ്ഥലങ്ങളിൽ കൂടുതൽ വൃക്ഷത്തൈകൾ കൂടി നട്ട് പച്ചത്തുരുത്തിന്റെ തണൽ ഒരുക്കുന്ന കൂട്ടുകാർക്ക് അംഗീകാരവും നൽകും.



# ക്ഷീര ഭവനം സുന്ദര ഭവനം

കണ്ണൂർ ജില്ലയിലെ ഡയറി ഫാമുകൾ, പശുത്തൊഴുത്തുകൾ എന്നിവയുടെ ശുചിത്വ നിലവാരം പരിശോധിക്കുന്ന കാമ്പയിന്റെ ഭാഗമായി പരിശോധനകൾ ആരംഭിച്ചു. പശുവളർത്തലിനോടൊപ്പം ശുചിത്വ - മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കാൻ കർഷകരെയും സമൂഹത്തെയും പ്രേരിപ്പിക്കാനാണ് ഡയറി ഫാമുകൾക്കും പശു തൊഴുത്തുകൾക്കും ഹരിത പദവി നല്കാൻ തീരുമാനിച്ചത്. ഡയറി ഫാമുകളുടെ നടത്തിപ്പ് ശാസ്ത്രീയമാക്കാൻ കൂടി സഹായിക്കുന്ന ഇടപെടലാണ് ഡയറി ഫാമുകളുടെ ഹരിതപദവി നേടുക എന്നത്. "ക്ഷീരഭവനം സുന്ദരഭവനം " എന്ന പേരിലാണ് കാമ്പയിൻ. ഫാമുകളുടെ ശുചിത്വം എന്താണെന്നും അതെങ്ങിനെ സുസ്ഥിരമായി നേടാമെന്നും ക്ഷീര കർഷകരെ ബോധവല്കരിക്കുന്നതോടൊപ്പം ഹരിതവും ശുചിത്വവുമായ ഡയറിഫാമുകൾ എന്ന ലക്ഷ്യം നേടുന്നതിന് തീറ്റ, മൃഗങ്ങൾ, വെള്ളം മുതലായ ഫാമിലേക്ക് വരുന്ന എല്ലാ ഘടകങ്ങളും പാൽ, വളം, മൃഗങ്ങൾ മുതലായ ഫാമിൽ നിന്ന് പുറത്തുപോകുന്ന എല്ലാ ഘടകങ്ങളും കൃത്യമായും സൂക്ഷ്മമായും നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്താനും ലക്ഷ്യമിട്ടാണീ കാമ്പയിൻ.

# തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ 12 ഹരിത വിദ്യാലയങ്ങൾ

ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ കൊല്ലം തൃക്കോവിൽ വട്ടം ഗ്രാമപഞ്ചായത്തിലെ 12 വിദ്യാലയങ്ങൾ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിച്ചു. തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ആർ.സതീഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് എസ്. ശിവകുമാർ സ്വാഗതം ആശംസിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി.എസ്. സിന്ധു സ്കൂൾ മേധാവികൾക്ക് ഹരിതകേരളം മിഷന്റെ അനുമോദന പത്രം നൽകി സ്കൂളുകളെ ആദരിച്ചു. ഹരിതകേരളം മിഷൻ ആർ.പി. സ്മിത എ. പദ്ധതി വിശദീകരണം നടത്തി.

ഗ്രാമപഞ്ചായത്തിലെ ഗവ. എൽ.പി.എസ്. മുഖത്തല, ജി.വി.പി. എൽ.പി.എസ്. വെട്ടിലത്താഴം, ഗവ. എൽ.പി.എസ്. ചെറിയേല, എൽ.എം.എസ്. എൽ.പി.എസ്. കുരീപ്പള്ളി, എൻ.എസ്.എസ് യു.പി.എസ്. മുഖത്തല, സെന്റ് സാലസ് എൽ.പി.എസ്. കണ്ണനല്ലൂർ, ചെറുപുഷ്പം ഹൈസ്കൂൾ ഉമയനല്ലൂർ, എസ്.എൻ. പബ്ലിക് സ്കൂൾ കിഴവൂർ, എ.കെ.എം. എച്ച്.എസ്. എസ്. മൈലാപൂർ, ഖാദിസിയ്യ ഇംഗ്ലീഷ് മീഡിയം സ്കൂൾ കിഴവൂർ, പത്മവിലാസം യു.പി. സ്കൂൾ പേരേത്ത് എന്നീ സ്കൂളുകളാണ് ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിച്ചത്.

മാലിന്യ സംസ്കരണം, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, കൃഷി, പച്ചത്തുരുത്ത്, ഗ്രീൻപ്രോട്ടോക്കോൾ തുടങ്ങിയവ ഹരിതകേരളം മിഷൻ നിർദ്ദേശിച്ചത് പ്രകാരം കഴിഞ്ഞ ഒരു വർഷമായി നടത്തിയ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഹരിതവിദ്യാലയം ആയി പ്രഖ്യാപിക്കാൻ സാധിച്ചത്.

# എം.സി.എഫിൽ അത്യാധുനിക സൗകര്യങ്ങൾ ഒരുക്കി പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് മാതൃകയാകുന്നു

ആലപ്പുഴ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച ബെയിലിംഗ് മെഷീൻ കൺവയർ ബൽറ്റ് എന്നിവയുടെ ഉദ്ഘാടനം എച്ച്. സലാം എം.എൽ.എ. നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഷീബാ രാകേഷ് മുഖ്യ പ്രഭാഷണം നടത്തി.



ജില്ലാ പഞ്ചായത്ത് മെമ്പർ ഗീതാ ബാബു, നവകേരളം കർമ പദ്ധതി ജില്ലാ കോർഡിറ്റേർ കെ.എസ്. രാജേഷ്, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ചടങ്ങിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജിതാ സതീഷൻ സ്വാഗതവും, സെക്രട്ടറി (ഇൻ ചാർജ്ജ്) കൃതജ്ഞതയും പറഞ്ഞു.

# വിദ്യാകിരണം പദ്ധതി, ത്രിദിന ശില്പശാല മൂന്നാർ ശിക്ഷക് സദനിൽ നടന്നു

ഇടുക്കി വിദ്യാകിരണം മിഷന്റെ ഏകോപനത്തിൽ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട പ്രതിനിധികൾക്കായി



സംഘടിപ്പിച്ച ത്രിദിന ശില്പശാല മൂന്നാർ ശിക്ഷക് സദനിൽ നടന്നു. ഒന്നു മുതൽ ഏഴ് വരെയുള്ള പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളെ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടാൻ പ്രാപ്തമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആദ്യഘട്ടം എന്ന നിലയിൽ ഒന്നുമുതൽ നാലുവരെയുള്ള ക്ലാസുകളിലെ കുട്ടികളെ പരിഗണിച്ചുകൊണ്ട് തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ 2024 - 25 അക്കാദമിക വർഷം പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി 50 പേർ പങ്കെടുക്കുന്ന ആദ്യ ബാച്ച് പരിശീലനം ദേവികുളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് നാരായണമാടസ്വാമി ഉദ്ഘാടനം ചെയ്തു. ഡിസ്ട്രിക്ട് പ്രോജക്ട് കോർഡിനേറ്റർ ബിന്ദുമോൾ ഡി. അധ്യക്ഷത വഹിച്ചു. വിദ്യാകിരണം ജില്ലാ കോർഡിനേറ്റർ കെ.എ. ബിനുമോൻ പദ്ധതി വിശദീകരണം നടത്തി.




## വനഭൂമിയിൽ മുള വച്ചുപിടിപ്പിക്കുന്ന പദ്ധതിക്ക് തുടക്കം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിന്റെ ഭാഗമായി വനം വകുപ്പുമായി സഹകരിച്ച് പാലക്കാട് ജില്ലയിൽ നെന്മാറ ബ്ലോക്ക് പല്ലശ്ശന പഞ്ചായത്തിൽ കൊശക്കുഴി (വെങ്കായപ്പാറ) വനഭൂമിയിൽ മുള വച്ചു പിടിപ്പിക്കുന്നു. പല്ലശ്ശന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽ.സായ് രാധ പരിപാടി ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ കെ. മണികണ്ഠൻ, കൊല്ലങ്കോട് റേഞ്ച് ഓഫീസർ കെ. പ്രമോദ്, സെക്ഷൻ ഓഫീസർ സന്തോഷ് കുമാർ തുടങ്ങിയവർക്കൊപ്പം കൊല്ലങ്കോട് റേഞ്ചിലെ മറ്റ് ജീവനക്കാരും തൊഴിലുറപ്പ് പ്രവർത്തകരും പങ്കെടുത്തു.

## തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് ജലബജറ്റ് പ്രകാശനം ചെയ്തു

കോഴിക്കോട് തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ CWRDM ന്റെ സാങ്കേതിക സഹകരണത്തിൽ ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തിൽ ബ്ലോക്ക് പരിധിയിലെ മണിയൂർ, തിരുവള്ളൂർ, വില്ലാപ്പള്ളി, ആയഞ്ചേരി പഞ്ചായത്തുകളിൽ ജലബജറ്റ് പൂർത്തികരിച്ചു. ജലബജറ്റ്




പ്രകാശനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. പി. ഗവാസ് നിർവ്വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി.എം. ലീന അദ്ധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോഡിനേറ്റർ പി.ടി. പ്രസാദ് പദ്ധതി വിശദീകരണം നടത്തി. CWRDM പ്രതിനിധി വിജേഷ്, വൈസ് പ്രസിഡന്റ് ശ്രീലത, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ ശ്രീജ പുല്ലരൂൽ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ എന്നിവർ സംസാരിച്ചു.

## ഗുണ്ഡിക-കടുക്കാപ്പാലം തോടിൽ വിവിധ പദ്ധതികൾ

കണ്ണൂർ മുഴക്കുന്നിൽ വെള്ളം കയറി കൃഷി ചെയ്യാൻ കഴിയാതിരുന്ന ഏക്കർ കണക്കിന് നെൽവയൽ പ്രദേശത്തിന് നടുവിലായി ഒഴുകുന്ന ഗുണ്ഡിക-കടുക്കാപ്പാലം തോടിൽ വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ജില്ലാ ജലസേചന വകുപ്പ്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ ജലാഞ്ജലി-നീരുറവ് പദ്ധതിയിൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്തും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് ഗുണ്ഡിക മുതൽ കടുക്കാപ്പാലം വരെയുള്ള ഒന്നര കിലോമീറ്റർ ദൂരമുള്ള തോടിന്റെ 600 മീറ്റർ ദൂരം ആഴവും വീതിയുംകൂട്ടി കയർ ഭൂവസ്ത്രം വിരിച്ചിരുന്നു. ശേഷിക്കുന്ന ഭാഗത്തെ 400 മീറ്റർ ദൂരം കൂടി കയർ ഭൂവസ്ത്രം വിരിച്ചുതന്നെ പുനർനിർമ്മിക്കാൻ തൊഴിലുറപ്പ് വിഭാഗം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്തെ വിവിധ പ്രവൃത്തികളാണ് മൈനർ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ ചെയ്യുക.

മൈനർ ഇറിഗേഷൻ ഡിപ്പാർട്മെന്റ് ഉദ്യോഗസ്ഥർ, ഹരിതകേരളം മിഷൻ ജില്ലാ റിസോഴ്സ് പേഴ്സൺ നിഷാദ് മണത്തണ,പഞ്ചായത്ത് വികസനകാര്യ സ്ഥിരസമിതി അധ്യക്ഷ എ. വനജ എന്നിവർ പദ്ധതി സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പ്രദേശം സന്ദർശിച്ചു. ഈ പ്രവൃത്തികൾ പൂർത്തിയാവുന്നതോടെ 15 വർഷമായി വെള്ളംകയറി തരിശ് കിടക്കുന്ന പാടത്ത് നെല്ല്, വാഴ, പച്ചക്കറികൾ ഉൾപ്പെടെയുള്ള കൃഷി നടത്താൻ കഴിയും. കൂടാതെ നീന്തൽ പഠനത്തിനും ടൂറിസത്തിനുമുള്ള സാധ്യതയുമുണ്ടെന്ന് പഞ്ചായത്ത് പ്രസിഡന്റ് ടി. ബിന്ദു പറഞ്ഞു.



## സാന്ത്വന പരിചരണത്തിൽ മാതൃകയായി എറണാകുളം ജനറൽ ആശുപത്രി

എറണാകുളം ജനറൽ ആശുപത്രി സാന്ത്വന പരിചരണത്തിൽ മാതൃകയാകുകയാണ്. പത്ത് വർഷത്തിലധികമായി ഉണങ്ങാത്ത മുറിവുകൾ കാരണം നരക യാതനകൾ അനുഭവിച്ചിരുന്ന രോഗികൾക്ക് വിദഗ്ധ പരിചരണമൊരുക്കി അവരെ ജീവിതത്തിലേക്ക് തിരികെയെത്തിച്ചു. ജനുവരി 26ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്ത അനുഗാമി ടു ഹീൽ




ടുഗദർ പദ്ധതിയിലൂടെയാണ് ഇവർക്ക് സാന്ത്വനമായത്. എറണാകുളം ജനറൽ ആശുപത്രിയിലെ നിലാവ് എന്ന പേരിട്ടിരിക്കുന്ന പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പദ്ധതിയിൽ ആയിരത്തോളം രോഗികളാണുള്ളത്. അവർക്ക് ഈ പദ്ധതിയിലൂടെ വിദഗ്ധ ചികിത്സയും സാന്ത്വന പരിചരണവും നൽകിയിരുന്നു.



എറണാകുളം ജില്ലയിലെ കരുമാലൂർ എഫ്.എം.സി.ടി.എച്ച്.എസ്. സ്കൂളിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ ബന്ദിക്കൃഷിക്കു തുടക്കമായി. കരുമാലൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീലത ലാലു ഉദ്ഘാടനം നിർവഹിച്ചു. കൃഷിഭവൻ, ഹരിതകേരളം മിഷൻ എന്നിവരുടെ സഹകരണത്തോടെയാണ് സ്കൂളിലെ 5 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്നത്.

## എടപ്പറ്റ ആയുർവേദ ഡിസ്പെൻസറിയിൽ പച്ചത്തുരുത്ത്

മലപ്പുറം എടപ്പറ്റ ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കബീർ മാസ്റ്റർ തൈ നട്ട് പച്ചത്തുരുത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. 3 സെന്റ് സ്ഥലത്ത് 22 തൈകളാണ് നട്ടത്. പച്ചത്തുരുത്തിന്റെ സംരക്ഷണം ആയുർവേദ ഡിസ്പെൻസറി ജീവനക്കാർ ഏറ്റെടുത്തു. പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ, തൊഴിലുറപ്പ് പ്രവർ



ത്തകർ, ആയുർവേദ ഡിസ്പെൻസറി ജീവനക്കാർ, ഹരിതകർമസേന അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## കർമനിരതം ഹരിത കർമസേന

കനത്ത മഴയിൽ ഇരട്ടയാർ ഡാമിലേക്ക് വിവിധ പ്രദേശങ്ങളിൽ നിന്നും ഒഴുകിയെത്തി അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനയുടെയും മത്സ്യതൊഴിലാളികളുടെയും നേതൃത്വത്തിൽ നീക്കം ചെയ്തു. ഇടുക്കി ജലാശയത്തിലേക്ക് അഞ്ചുരുളി തുരങ്കം വഴി ജലം എത്തിക്കുന്ന പ്രധാന ജലസ്രോതസ്സായ ഇരട്ടയാർ ഡാമിൽ കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത ശക്തമായ മഴയിൽ ഒഴുകി എത്തിയ മാലിന്യങ്ങളാണ് നീക്കം ചെയ്തത്. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെ ഏകോപനത്തോടെയാണ് ഹരിത കർമസേനയുടേയും പ്രദേശവാസികളായ മത്സ്യത്തൊഴിലാളികളുടേയും സഹകരണത്തോടെ രണ്ട് ദിവസങ്ങളിലായാണ് മാലിന്യം ശേഖരിച്ചത്. 1600 കിലോ ഗ്രാം അജൈവമാലിന്യങ്ങൾ ഹരിത കർമസേനാംഗങ്ങൾ തരംതിരിച്ച് ഗ്രാമപഞ്ചായത്തിലെ എം.സി.എഫിലേയ്ക്ക് മാറ്റുകയും ചെയ്തു.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in